II ഇ.ബി. XIII കേരള നിയമസഭ/V-22

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

**2012 ജൂലൈ 13, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**72 (*661) ഇൻകം സപ്പോർട്ട് സ്കീം**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, കൈത്തറി, ഖാദി, ബീഡി, ഈറ്റ, പനമ്പ്, മത്സ്യബന്ധനം/സംസ്ക്കരണം തുടങ്ങിയ മേഖലയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സംരക്ഷിക്കുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 2011-12 സാമ്പത്തിക വർഷം 30 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതിലേയ്ക്കായി 2012-13-ൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തൊഴിൽ വകുപ്പ് നോഡൽ ഏജൻസിയായി അതാത് വകുപ്പുകൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. പരീക്ഷണാർത്ഥം 2010-11-ൽ നടപ്പാക്കിയ പദ്ധതിയിൽ അർഹതപ്പെട്ട മറ്റ് വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. മുൻസർക്കാരിന്റെ കാലത്ത് പ്രസ്തുത സ്കീമിന് 50 കോടി രൂപ അനുവദി

ച്ചിട്ടുണ്ട്. മിനിമം വേതനം ലഭിക്കാത്ത തൊഴിലാളികൾക്ക് സഹായകമാകുന്ന വിധത്തിൽ ആരംഭിച്ച പ്രസ്തുത പദ്ധതിക്ക് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ ലഭ്യമായ തുക വീതിച്ചു നൽകുകയാണ് ചെയ്യുന്നതെന്നും കയർ മേഖലയിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും ആനുകൂല്യം ലഭ്യമാകുന്ന തരത്തിലുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**73 (*662) <u>ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ നടപടി</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, 1954-ലെ മായം ചേർക്കൽ നിരോധന നിയമം പിൻവലിച്ചുകൊണ്ട് 2011 ആഗസ്റ്റ് 5-ന് പ്രാബല്യത്തിൽ വന്ന കേന്ദ്രനിയമമായ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതെന്ന് സഭയെ അറിയിച്ചു. പരിക്കിനിടയാക്കാത്ത മായം ചേർത്ത് ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നവർക്ക് 6 മാസം വരെ തടവും 1 ലക്ഷം രൂപവരെ പിഴയും ഗുരുതരമല്ലാത്ത പരിക്കിനിടയാക്കുകയാണെങ്കിൽ 1 വർഷംവരെ തടവും 3 ലക്ഷം രൂപവരെ പിഴയും ഗുരുതരമായ പരിക്കിനിടയാക്കുകയാണെങ്കിൽ 6 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും മരണം സംഭവിക്കുകയാണെങ്കിൽ ജീവപര്യന്തം തടവും 10 ലക്ഷം രൂപയിൽ കുറയാത്ത പിഴയും പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്തതായി കണ്ടെത്തിയാൽ പുതിയ നിയമപ്രകാരം ഉല്പാദന/സംഭരണ/വിതരണ/വില്പന മേഖലകളിൽ

പ്രവർത്തിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ കഴിയുന്നതാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന നിയമ ങ്ങളെല്ലാം ഫുഡ് സേഫ്റ്റി കമ്മീഷണറുടെ അധീനതയിൽ കൊണ്ടുവന്ന് ആക്ട് പൂർണ്ണരൂപത്തിൽ നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ ഒരു വർഷത്തെ സാവകാശം അനുവദിച്ചിട്ടുണ്ടെന്നും 3 മാസംകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതാണെന്നും ജില്ല/സംസ്ഥാനതല ഉപദേശകസമിതികൾ രൂപീ കരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. അജിനോമോട്ടോ അടങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ ലേബലിൽ പ്രസ്തുത വിവരം രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നു ണ്ടെന്നും മായംചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതാണെന്നും പുതിയ നിയമം വരുന്നതോടുകൂടി ഫുഡ് ഇൻസ്പെക്ടർ തസ്തിക ഫുഡ് സേഫ്റ്റി ഓഫീസർ എന്ന് പുനർനാമകരണം ചെയ്യപ്പെടുമെന്നും ഈ തസ്തി കയിൽ കൂടുതൽ പേരെ നിയമിക്കുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പു മായി ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**74 (*663) <u>കെട്ടിട നിർമ്മാണ സൈറ്റുകളിൽ സേഫ്റ്റി ഓഡിറ്റിംഗ്</u>**

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കെട്ടിട നിർമ്മാണ സൈറ്റുകളിൽ സേഫ്റ്റി ഓഡിറ്റ് നടത്തു ന്നതിന് യോഗ്യതയുള്ള ഏജൻസികളെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധ പ്പെടുത്തുന്നതിനും സേഫ്റ്റി മാന്വൽ തയ്യാറാക്കുന്നതിനും തീരുമാനിച്ചി ട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സേഫ്റ്റി മാന്വലിന് വിരുദ്ധമായി പ്രവർത്തിച്ച്

അപകടം സംഭവിക്കുകയാണെങ്കിൽ ബിൽഡേഴ്സിനെതിരെ മന:പൂർവ്വമല്ലാത്ത നരഹത്യയ്ക്ക് കേസ്സെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. നിർമ്മാണ രംഗത്ത് സുരക്ഷാ മുൻകരുതലുകൾ നിർബന്ധമാക്കിക്കൊണ്ടിരിക്കുകയാണെന്നും സേഫ്റ്റി പ്ലാനിന്റെ അനിവാര്യത കണക്കിലെടുത്ത് ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. എസ്.ടി.പി.യുടെ കീഴിൽ 17 അംഗങ്ങളുള്ള വിജിലൻസ് സെൽ രൂപീകരിച്ച് അനധികൃത കെട്ടിടനിർമ്മാണങ്ങൾക്കെതിരെ കർശന നടപടികളെടുക്കുന്നുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി അറിയിച്ചു.

**75 (*664) <u>ആംബുലൻസ് സൗകര്യമുള്ള ആശുപത്രികൾ</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ മെഡിക്കൽ കോളേജുകൾ, ജനറൽ/താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ, ജില്ലാ/മാതൃശിശു ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആംബുലൻസ് സൗകര്യം നിലവിലുണ്ടെന്നും ചില സാമൂഹ്യാരോഗ്യ/പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആശുപത്രി മാനേജുമെന്റ് കമ്മിറ്റികൾ എന്നിവ വഴി ആംബുലൻസ് ലഭ്യമാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പ്രസവ ചികിത്സ നടത്തുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ആംബുലൻസ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 'ജനനി ശിശു സുരക്ഷാ കാര്യക്രം' പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്നതിന് തയ്യാറാകുന്നവരെ

ആശുപത്രിയിലേയ്ക്കും തിരികെ വീട്ടിലേയ്ക്കും കൊണ്ടുപോകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം എൻ.ആർ.എച്ച്.എം.വഴി ലഭ്യമാക്കുന്നതാണ്. 'ചികിത്സ' എന്ന സ്ഥാപനംവഴി അത്യാധുനിക സൗകര്യങ്ങളുള്ള '108' ആംബുലൻസുകൾ സൗജന്യ സേവനം നൽകിവരിക യാണെന്നും എല്ലാ ജില്ലകളിലും ഇത് ആരംഭിക്കുന്ന കാര്യം പരിഗണനയി ലാണെന്നും 140 കോടി രൂപ ഇതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ടെന്നും ഡോക്ടർമാരുടെ സേവനം ഉൾപ്പെടുത്തി ആംബുലൻസ് സർവ്വീസുകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ആംബുലൻസുകളിൽ ഡ്രൈവർമാരെ നിയമിക്കേണ്ടത് ഹോസ്പിറ്റൽ മാനേജുമെന്റ് കമ്മിറ്റികളാണെന്നും തിരിച്ചെടുത്ത ആംബുലൻസുകൾക്ക് പകരമായി പുതിയ ആംബുലൻസുകൾ നൽകിയിട്ടു ണ്ടെന്നും ആംബുലൻസുകൾ പുതിയതായി വാങ്ങുന്ന മുറയ്ക്ക് കൂടുതൽ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 665 മുതൽ 690 വരെയുള്ള ചോദ്യ ങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6770 മുതൽ 7057 വരെയുള്ള ചോദ്യ ങ്ങളിൽ 44 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * * * * * * *